(17) തിരുവനന്തപുരം ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. കുടിവെള്ളത്തിന് വേണ്ടി ജനങ്ങൾ നെട്ടോട്ടം ഓടുകയാണ്. ഒന്നും ഒന്നരയും കിലോമീറ്റർ ദൂരെ പോയാണ് പാചകത്തിന് പോലുമുള്ള വെള്ളം പല സ്ഥലങ്ങളിലും ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. ജനപ്രതിനിധികളായ ഞങ്ങൾക്ക് മണ്ഡലത്തിലൂടെ പല സ്ഥലത്തും പോകാൻ നിവൃത്തിയില്ല. സ്ത്രീകൾ തടഞ്ഞുനിർത്തി കുടിവെള്ളമില്ലാത്ത അവസ്ഥ ബോദ്ധ്യപ്പെടുത്തുകയാണ്. ഗുരുതരമായ സ്ഥിതിവിശേഷമാണ് തിരുവനന്തപുരം ജില്ലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവിശേഷം നേരിടുന്നതിന് വേണ്ടി വളരെ അത്യാവശ്യമായ പ്രദേശങ്ങളിൽ ഉടൻ തന്നെ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കണം. പൊതുകിണറുകളും ജലസ്രോതസ്സുകളും ആഴം കൂട്ടാനും വൃത്തിയാക്കാനും വേണ്ട ഫണ്ട് രണ്ട് ദിവസത്തിനുള്ളിൽ കളക്ടറേറ്റുകളിലേക്ക് എത്തിക്കണം. കേരള വാട്ടർ അതോറിറ്റി ഫീസിബിലിറ്റിയുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം. ജില്ലയിലും താലൂക്കിലും ഇതിനുവേണ്ടി അടിയന്തിരമായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. ഒരുകാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കഴിഞ്ഞ വരൾച്ച സമയത്ത് ഈ ജില്ലയിൽ കുറേ തുക ഇതിനുവേണ്ടി അനുവദിച്ചിരുന്നു. ആ തുകയിൽ നല്ലൊരു ശതമാനവും ലാപ്സായി പോവുകയാണ് ചെയ്തത്. ആ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷന് ഉൾപ്പെടെയുള്ള ലക്ഷക്കണക്കിന് രൂപ ലാപ്സായിപ്പോയി. അതുകൊണ്ട് ഇപ്പോൾ അടിയന്തിരമായി തന്നെ ഈ ജില്ലയ്ക്ക് വേണ്ടിയുള്ള തുക അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* രൂക്ഷമായ വരൾച്ച തന്നെയാണ്. വരൾച്ച നേരിടുന്നതിന് വേണ്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള ഒരു സമീപനമുണ്ടാകണം. വരൾച്ചയുടെ രൂക്ഷത മനസ്സിലാക്കിക്കൊണ്ട് ഞാൻ നേരത്തേ ചോദ്യോത്തരസമയത്ത് പറഞ്ഞിരുന്നു, ക്യാബിനറ്റ് തന്നെ തീരുമാനിച്ച് മന്ത്രിമാർക്ക് ഓരോ ജില്ലയുടെ ചാർജ് കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലും ഒരു മന്ത്രിയുടെ നേതൃത്വത്തിൽ തന്നെ വരൾച്ച നേരിടുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. അങ്ങ് വച്ച നിർദ്ദേശങ്ങൾ പൊതുവെ സ്വീകാര്യമാണ്. ആ നിർദ്ദേശങ്ങളനുസരിച്ച് ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഞാൻ കൂടി പങ്കെടുത്ത ശുദ്ധജലവിതരണ പദ്ധതി ആകുന്ന രൂപത്തിൽ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട പ്രശ്നം, ഒരു പഞ്ചായത്തിനകത്ത് ഒരു ശുദ്ധജലവിതരണ പദ്ധതി വന്നാലും ആ പഞ്ചായത്തിലെ ഒന്നോ രണ്ടോ വാർഡുകൾക്കായിരിക്കും അതിന്റെ പ്രയോജനം ലഭിക്കുക. പൊതുവായിട്ടുണ്ടാകുന്ന, ഇപ്പോൾ സംഭവിച്ചതുപോലെയുള്ള വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റി മാത്രമല്ല ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഒരുപോലെ മുന്നോട്ട് നീങ്ങിയാലെ കഴിയൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇത്രയും ഗൗരവമായി അതിനെ കണ്ട് മന്ത്രിമാർക്ക് ജില്ലകളുടെ ചാർജ് കൊടുത്ത് അടിയന്തിര നടപടിയെടുക്കുന്നതിന് വേണ്ടി മുന്നോട്ട് പോകുന്നത്. അങ്ങയുടെ നിർദ്ദേശവും വളരെ ഗൗരവമായിട്ട് പരിഗണിക്കുന്നതാണ്.

(18) അനധികൃതമായി പോലീസ് പിടിച്ചെടുത്ത മണൽലോറികൾ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. പൗലോസ്: കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്ത് അധികൃതർ നൽകിയ ടോക്കൺ കൊടുത്ത് മണൽ നിറച്ച് പാസുകൾക്കായി അതാത് കടവുകളിൽ കാത്തുകിടന്നിരുന്ന 19 ലോറികളെ മണൽവേട്ട എന്ന വ്യാജേന അനധികൃതമായി വിജിലൻസ് പോലീസ് പിടിച്ചെടുത്തിട്ട് 19 ദിവസം കഴിഞ്ഞു. നിരപരാധികളായ ഉടമകൾക്ക് വാഹനങ്ങൾ വിട്ടുകൊടുക്കാത്ത നടപടി നിലനിൽക്കുകയാണ്. മണൽവാരൽ നിയന്ത്രണ നിയമമനുസരിച്ച് പോലീസ് വാഹനങ്ങൾ പിടിച്ച് കേസാക്കിയാൽ തുടർന്ന് ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്ത് കളക്ടർ പരിശോധിച്ച് തീരുമാനമെടുക്കുന്ന നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാത്തത് മനപൂർവ്വമാണ്. കടവുകളിൽ പാസ്സിനായി കാത്തുകിടക്കുമ്പോൾ മണൽ കളളക്കടത്തിന്റെ പേരിൽ കടവുകളിൽ കിടന്ന വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തതിന്റെ ന്യായമാണ് മനസ്സിലാകാത്തത്. ഓട്ടത്തിലുളള വാഹനങ്ങൾ കൃത്യമായി പാസ്സില്ലാതെ വരുമ്പോഴാണ് കളളക്കടത്താകുന്നത്. നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തി നിരപരാധികളെ ശിക്ഷിക്കുന്നത് ഒഴിവാക്കി വാഹനങ്ങൾ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതിന് പകരം വാഹന ഉടമകളെ ബുദ്ധിമുട്ടിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് നീതി നിഷേധിക്കാതെ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* എറണാകുളം-ആലുവ-നേര്യമംഗലം കടവ്, അഹിമപ്പടി കടവ്, മണിയാമ്പാറ കടവ് എന്നിവിടങ്ങളിൽ നിന്ന് അനധികൃതമായി മണൽ കയറ്റിയ 19 ലോറികൾ 15-3-2005-ൽ കുന്നത്തുനാട് അഡീഷണൽ തഹസീൽദാരും എറണാകുളം വിജിലൻസും ചേർന്ന് പോലീസ് സംരക്ഷണത്തിൽ പിടിച്ചെടുത്തു. വാഹന പരിശോധന നടത്തിയ അവസരത്തിൽ വാഹനങ്ങൾക്ക് മണൽവാരുന്നതിനുള്ള പാസുകളുണ്ടായിരുന്നില്ല. അതിനെത്തുടർന്ന് തഹസീൽദാരുടെ മൊഴിയുടെ

LIBRARY ARCHIVES Kerala Legislative Assembly